Janayugom 27.12.17

# വർണ്ണാഭമായ ഘോഷയാത്രയോടെ വൈഗ ഇന്ന് തുടങ്ങും

തൃശൂർ: കാർഷികോത്പന്ന സംസ്കരണം- മൂല്യവർദ്ധനവ് അടിസ്ഥാനമാക്കി കൃഷിവകുപ്പ് സംഘടിപ്പിച്ചിട്ടുള്ള അന്താരാഷ്ട്ര ശില്പശാലയായ വൈഗ - 2017 ഇന്ന് രാവിലെ തൃശൂരിൽ വർണ്ണാഭമായ ഘോഷയാത്രയോടെ തുടക്കം കുറിക്കും.

രാവിലെ 8.30 ന് വെള്ളാനിക്കര തോട്ടപ്പടിയിൽ നിന്നും ആരംഭിച്ച് കാർഷിക സർവകലാശാല കാമ്പസിനുള്ളിലെ സെൻട്രൽ ഓഡിറ്റോറിയത്തിൽ എത്തിച്ചേരും. ഉദ്ഘാടന പരിപാടികൾ രാവിലെ 10 മണിക്ക് ആരംഭിക്കും. ഘോഷയാത്രയിൽ ശിങ്കാരിമേളം, മുത്തുക്കുട, ഹൈഡ്രജൻ ബലൂണുകൾ, കാർഷിക ഉത്പന്നങ്ങൾ, കാർഷിക യന്ത്രങ്ങൾ, വെറ്ററിനറി കോളേജിലെ എൻസിസി വിഭാഗം കുതിരകൾ എന്നിവ ഘോഷയാത്രയിൽ അണിനിരക്കും. ഘോഷയാത്രയിൽ ഒല്ലൂക്കര മണ്ഡലത്തിലെ പഞ്ചായത്തുകൾ, തൃശൂർ കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നുള്ള കർഷകഗ്രൂപ്പുകൾ, പാടശേഖരസമിതികൾ, കുടുംബശ്രീ അംഗങ്ങൾ, ഭക്ഷ്യസുരക്ഷ സേനകൾ, വിദ്യാർഥികൾ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കും.

31 വരെ നീണ്ടുനിൽക്കുന്ന ശില്പശാലക്ക് ഗവർണർ റിട്ട. ജസ്റ്റിസ് പി സദാശിവം തിരിതെളിയിക്കും. കൃഷി വകുപ്പ് മന്ത്രി അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ വിദ്യാഭ്യാസ മന്ത്രി പ്രഫ. സി രവീന്ദ്രനാഥ് അടക്കമുള്ള പ്രമുഖർ പങ്കെടുക്കും.

തേൻ, വാഴപ്പഴം, നാളികേരം, ചെറുധാന്യങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി നാലു വേദികളിലായാണ് സെമിനാറുകൾ സംഘടിപ്പിച്ചിട്ടുള്ളത്. മൂല്യവർദ്ധിത ഉത്പന്ന മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ ഏജൻസികൾ, സ്വകാര്യ ഏജൻസികൾ, കർഷക സംഘങ്ങൾ, സർക്കാർ ഇതര സ്ഥാപനങ്ങൾ വ്യക്തികൾ എന്നിവരുടേതടക്കം മുന്നൂറോളം പ്രദർശന സ്റ്റാളുകൾ സജ്ജമായിക്കഴിഞ്ഞു. മലേഷ്യ, ഇന്തോനേഷ്യ, ശ്രീലങ്ക തുടങ്ങി ഇരുപതോളം രാജ്യങ്ങളിലെ ഗവേഷകർ പ്രതിനിധികൾ, എന്നിവർ ശില്പശാലയിൽ പങ്കെടുക്കുകയും അനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്യുന്നുണ്ട്. സാങ്കേതികവിദ്യാപ്രദർശനം, യുവകർഷകസംഗമം, പാക്കേജിംഗ് സാങ്കേതികവിദ്യകളുടെ പരിശീലനം, സ്കൂൾ വിദ്യാർഥികൾക്കുള്ള മത്സരങ്ങൾ എന്നിവ ശില്പശാലയുടെ പ്രധാന ആകർഷകങ്ങളാണ്.




ശില്പശാലയുടെ ആദ്യദിനമായ ഇന്ന് ഭക്ഷ്യ സംസ്കരണ മേഖലയിലെ മുന്നേറ്റങ്ങൾ, ഭക്ഷ്യ സുരക്ഷാമാനദണ്ഡങ്ങൾ, ലൈസൻസിംഗ്, പാക്കേജിംഗ് തുടങ്ങിയ. വിഷയാവതരണങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് പ്രോസസിംഗ് ടെക്നോളജി ആന്റ് മാനേജ്മെന്റ്, ഭക്ഷ്യോത്പന്നങ്ങളുടെ കയറ്റുമതി രംഗത്തെ നോഡൽ ഏജൻസിയായ അപേഡ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുള്ള പ്രമുഖരാണ് വിഷയങ്ങൾ അവതരിപ്പിക്കുന്നത്. ആദ്യ ദിനമായ ഇന്ന് കലാമണ്ഡലം ക്ഷേമാവതിയും സംഘവും അവതരിപ്പിക്കുന്ന നൃത്തസന്ധ്യയും കളംപാട്ടുകൂട്ടം അവതരിപ്പിക്കുന്ന നാടൻ പാട്ടും ഉണ്ടായിരിക്കും.

രണ്ടാംദിനം മുതൽ വിവിധ വിഷയങ്ങളെ ആസ്പദമാക്കിയിട്ടുള്ള സെമിനാറുകളും ചർച്ചയുമാണ് നടക്കുക. ഇതോടൊപ്പം ബിസിനസ്സ് മീറ്റുകൾ, നൂതന സംരംഭകർക്കായുള്ള പരിശീലനം, കൃഷി സ്റ്റാർട്ടപ്പുകൾക്കുള്ള പരിശീലനം എന്നിവയും ശില്പശാലയോടനുബന്ധിച്ച് സജ്ജമാക്കിയിട്ടുണ്ട്.

31 ന് നടക്കുന്ന സമാപന സമ്മേളനം നിയമസഭാസ്പീക്കർ രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യും.

വിവിധ സെഷനുകളിലായി മന്ത്രിമാരായ ടി പി രാമകൃഷ്ണൻ, കെ ടി ജലീൽ, എ സി മൊയ്തീൻ എന്നിവരും പങ്കെടുക്കുന്നുണ്ട്.